(ഡി) 2001 മേയ് മാസത്തിനുശേഷം സംസ്ഥാന വൈദ്യുതി ബോർഡിന്റെ പണി കമ്മീഷൻ ഇല്ലാതെ ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ നൽകണമെന്ന് ഈ കമ്പനി ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ എത്തെല്ലാം വർക്കുകളാണ് ധാരണാപത്രപ്രകാരം കൊടുക്കണമെന്ന് അവർ ആവശ്യപ്പെട്ടത്; അതിലേതെങ്കിലും ജോലി അവർക്ക് കൊടുത്തിട്ടുണ്ടോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഇപ്പോഴം പണിയൊന്നും നൽകിയിട്ടില്ല.

(ബി, സി) ബാധകമല്ല.

(ഡി, ഇ) ഉണ്ട്. പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി നടപ്പിലാക്കാൻ താൽപ്പര്യം പ്രകടിപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത പദ്ധതി അവർക്ക് നൽകിയിട്ടില്ല.

റേഷൻകടകളുടെ പ്രവർത്തനം

*13 [301] ശ്രീ. വി. കെ. ചന്ദ്രൻ:
,, മഞ്ഞളാംകുഴി അലി:
,, കെ. കെ. ജയചന്ദ്രൻ:
,, കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകളുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇവയുടെ പ്രവർത്തനം മന്ദീഭവിച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന് പരിഹാരം കാണുന്നതിനും റേഷൻ കടകളെ ശക്തിപ്പെടുത്തുന്നതിനുമായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ;

(ഡി) സപ്ലൈകോയുടെ സാധനങ്ങൾ റേഷൻകടകളിൽ കൂടി വിതരണം ചെയ്യുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ്?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) സംസ്ഥാനത്ത് റേഷൻകടകളുടെ പ്രവർത്തനം വകുപ്പ് ഉദ്യോഗസ്ഥർ മുഖേന പരിശോധിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) സപ്ലൈകോയുടെ സാധനങ്ങൾ റേഷൻകടകളിലൂടെ വിതരണം ചെയ്യുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നാളിതുവരെ 902 റേഷൻ കടകളെ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ശബരി സ്റ്റോറുകളായി തെരഞ്ഞെടുത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly